ഒറ്റത്തെ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രവർത്തി ടെണ്ടർ ചെയ്യാൻ നടപടി

72 [1790] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

30-3-1996-ൽ ഭരണാനുമതി നൽകിയ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഒറ്റത്തെ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രവർത്തി ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ആലക്കോട് പഞ്ചായത്തിൽ ഒറ്റത്തെ എന്ന സ്ഥലത്ത് ഒരു പാലത്തോടുകൂടിയ റെഗുലേറ്റർ നിർമ്മിക്കുവാൻ 30-3-1996-ലെ ജി.ഒ. (ആർറ്റി.) 456/96/ഐ.ആർ.ഡി. നമ്പർ പ്രകാരം 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇപ്പോൾ പുതുക്കിയ നിരക്കനുസരിച്ച് (2004) വീണ്ടും തയ്യാറാക്കിയ 42.27 ലക്ഷം രൂപയുടെ അടങ്കൽ നിർദ്ദേശത്തിന് ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചാത്തന്നൂർ മണ്ഡലത്തിലെ കല്ലട ഇറിഗേഷൻ പ്രോജക്ട് പ്രവർത്തികൾ

73 [1791] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ എന്തൊക്കെ പ്രവർത്തികളാണ് നടക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ താഴെ പറയുന്ന അഞ്ച് പ്രവർത്തികൾ നടന്നുവരുന്നു.

(1) കെ. ഐ. പി. എൽ. ബി- കോട്ടപ്പുറം ഡിസ്ട്രിബ്യൂട്ടറിയുടെ നിർമ്മാണം ചെയിനേജ് 0-1200 മീറ്റർ-ബാലൻസ് വർക്ക്.

(2) കോട്ടപ്പുറം ഡിസ്ട്രിബ്യൂട്ടറിയുടെ നിർമ്മാണം-ചെയിനേജ് 1200 മീറ്റർ മുതൽ 2560 മീറ്റർ വരെയുള്ള ഭാഗം-ബാലൻസ് വർക്ക്.

(3) പുതക്കുളം മൈനർ ഡിസ്ട്രിബ്യൂട്ടറിയുടെ 0-3350 മീറ്റർവരെയുള്ള ഭാഗവും പുതക്കുളം സബ്മൈനർ ഡിസ്ട്രിബ്യൂട്ടറിയുടെ 0-403 മീറ്റർ വരെയുള്ള ഭാഗവും നിർമ്മാണം.

(4) പരവൂർ ഡിസ്ട്രിബ്യൂട്ടറിയിൽ 23-ാം കിലോമീറ്ററിൽ ലിഫ്റ്റ് ഇറിഗേഷൻ, മെക്കാനിക്കൽ വർക്കുകൾ-പമ്പും പൈപ്പുലൈനും സ്ഥാപിക്കൽ.

(5) മുട്ടക്കാവ് ഡിസ്ട്രിബ്യൂട്ടറിയുടെ റെക്ടിഫിക്കേഷൻ വർക്കുകൾ.

LIBRARY ARCHIVES Kerala Legislative Assembly